നെൽകൃഷിവികസനം

148(2401) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി വികസനത്തിനായി ഇത്തവണത്തെ ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട് ;

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുതരംഗത്ത് എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് ഇപ്പോൾ എത്ര രൂപയാണ് ; ഈ തുകയിൽ കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നെൽക്കൃഷിവികസനത്തിനും അനുബന്ധ കാര്യങ്ങൾക്കും എത്ര കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചു ; ഇതിൽ നിന്നും എത്ര കോടി രൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2010-11 സാമ്പത്തിക വർഷത്തിൽ നെൽകൃഷിക്കായി 10550 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) ഓരോ മേഖലയുടേയും പ്രത്യേകതകൾ മനസ്സിലാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തി വരുന്ന വർഷം പദ്ധതി നടപ്പിലാക്കും.

(സി) നെല്ലിന്റെ സംഭരണവില ഇപ്പോൾ കിലോഗ്രാമിന് 13 രൂപയാണ് ഇതിൽ 10 രൂപ കേന്ദ്ര വിഹിതമായി ലഭിക്കുന്നു. ഈ ബഡ്ജറ്റിൽ 14 രൂപ താങ്ങു വിലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷിക്കായി കേന്ദ്ര സഹായമായി ലഭിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

1. മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസനം

വർഷം	അനുവദിച്ച തുക (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
2006-07	914.028	653.52
2007-08	1105.00	983.68
2008-09	1349.99	1228.081
2009-10	932.31	860.54
2010-11 (2011 ജനുവരി വരെ)	681.69	433.03

LIBRARY ARCHIVES Kerala Legislative Assembly

2. കുട്ടനാട് പാക്കേജിൽ സീഡ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയിൽ 451.50 ലക്ഷം രൂപ ലഭിച്ചതിൽ 262 ലക്ഷം രൂപ ചെലവഴിച്ചു.

3. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി

വർഷം	അനുവദിച്ച തുക (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
2008-09	188.85	188.85
2009-10	277.72	277.72
2010-11	262.35	188.85

എല്ലാരും പാടത്തേക്ക് എന്ന പദ്ധതി

149(2402) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2006-ൽ നെല്ലിന്റെ ഉൽപ്പാദനക്ഷമത, വിളവിസ്തൃതി, ആകെ ഉൽപ്പാദനം എന്നിവ എത്രയായിരുന്നുവെന്നും, 2010-ൽ ഇവ എത്രയായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) തരിശുനിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്ന തരത്തിലുള്ള എല്ലാരും പാടത്തേക്ക് എന്ന പദ്ധതി പ്രകാരം എത്ര ഹെക്ടറിൽ നെൽക്കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ താങ്ങുവില എത്രയായിരുന്നു ; ഇപ്പോഴത്തെ വില എത്രയാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

വർഷം	വിസ്തൃതി (ലക്ഷം രൂപ)	ഉല്പാദനം (ലക്ഷം രൂപ)	ഉല്പാദനക്ഷമത കി.ഗ്രാം/ഹെ.
2006	2.64	6.416	2435

2010-ലെ കണക്ക് ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly